മെച്ചപ്പെടുത്തുന്നതിനുവേണ്ടി പുതിയ സാങ്കേതിക വിദ്യകൾ ലഭ്യമാക്കുന്നതിനും, മാനേജ്മെന്റിനെ ശക്തിപ്പെടുത്തുന്നതിനുമുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരികയാണ്. ബാങ്കുകളിൽനിന്നും മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽനിന്നും ധനം ലഭ്യമാക്കാൻ സാധിക്കാതെ പ്രവർത്തന മൂലധനത്തിന്റെ അപര്യാപ്തതയുള്ള, വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള ലാഭസാദ്ധ്യതയുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ധനം സ്വരൂപിക്കുന്നതിനു വേണ്ടി 240 കോടി രൂപ അടിസ്ഥാനമാക്കി കേരളം വ്യവസായ പുനരുദ്ധാരണ ഫണ്ട് ശേഖരിച്ചു കഴിഞ്ഞു. ഇതിൽ 60 കോടി രൂപ കേരള സർക്കാരിന്റെ വിഹിതമായും ബാക്കിയുള്ള 180 കോടി രൂപ ബോണ്ടുകളുടെ വിൽപ്പന വഴിയും സമാഹരിച്ചു.

(ബി) ഈ പദ്ധതികൾക്കായി കേരള സർക്കാരിന്റെ വിഹിതമായി 1998-99-ൽ 30 കോടി രൂപയും, ജനുവരി 2000 ൽ ബോണ്ടുകളുടെ വിൽപ്പന വഴി സമാഹരിച്ച 180 കോടി രൂപയും ചേർത്ത് 210 കോടി രൂപ സമാഹരിച്ചു കഴിഞ്ഞു. 1999-2000 ൽ ഇതിലേയ്ക്കായി 20 കോടി രൂപയും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

(സി) വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള കെമിക്കൽ, ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ്, എഞ്ചിനീയറിംഗ്, ടെക്സ്റ്റൈൽസ്, തടി അധിഷ്ഠിത സെക്ടറുകളിലെ ലാഭ സാദ്ധ്യതയുള്ള എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളെയും ലക്ഷ്യമാക്കിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

(ഡി) ബാങ്കുകളിൽനിന്നും മറ്റു ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ധനം ലഭ്യമാക്കാൻ സാധിക്കാതെ പ്രവർത്തനമൂലധനത്തിന്റെ അപര്യാപ്തതയുള്ള, വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള ലാഭസാദ്ധ്യതയുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ധനം സ്വരൂപിക്കുന്നതിനുവേണ്ടിയാണ് കേരള വ്യവസായ പുനരുദ്ധാരണ ഫണ്ട് ബോർഡ് രൂപീകരിച്ചത്. ഇതിനായി 240 കോടി രൂപ അടിസ്ഥാനമുള്ള വ്യവസായ പുനരുദ്ധാരണ ഫണ്ടാണ് രൂപീകരിച്ചത്. വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ നവീകരണത്തിനായി അതത് മേഖലകളിൽ സെക്ടർ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റികൾ മുമ്പാകെ കമ്പനികൾ സമർപ്പിച്ച പ്രൊപ്പോസലുകളിൻ മേൽ നടത്തിയ പഠന റിപ്പോർട്ടുകൾ സർക്കാരിനു സമർപ്പിക്കുകയും ചെയ്യുന്നു. കേരള വ്യവസായ പുനരുദ്ധാരണനിധിയിൽ നിന്നും ധനം ലഭ്യമാക്കുന്നതിനായി കമ്പനികൾ സമർപ്പിക്കുന്ന അപേക്ഷകളിന്മേൽ സെക്ടർ കമ്മിറ്റികളുടെ നിർദ്ദേശങ്ങൾ കൂടി കണക്കിലെടുത്താണ് മുൻഗണനാക്രമം നിശ്ചയിക്കുന്നത്. ടെക്സ്റ്റൈൽ സെക്ടർ കമ്മിറ്റി റിപ്പോർട്ട് സർക്കാരിനു സമർപ്പിച്ചിട്ടുണ്ട്.

പൂട്ടിക്കിടക്കുന്ന വ്യവസായ സ്ഥാപനങ്ങൾ തുറന്നു പ്രവർത്തിപ്പിക്കാൻ നടപടി

105 (1338) പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങളാണ് പൂട്ടിക്കിടക്കുന്നത്;

(ബി) ഇവ തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചു;

LIBRARY ARCHIVES Kerala Legislative Assembly

(സി) സ്വകാര്യ മേഖലയിൽ ഏതെല്ലാം വൻകിട വ്യവസായ സ്ഥാപനങ്ങൾ അടഞ്ഞു കിടക്കുന്നു;

(ഡി) ഇവ തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിക്കുകയുണ്ടായി;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതെല്ലാം വൻകിട വ്യവസായ സ്ഥാപനങ്ങളാണ് തുറന്നു പ്രവർത്തിപ്പിച്ചത്; വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പൂട്ടിക്കിടക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ താഴെപ്പറയുന്നവയാണ്

1. ചാലക്കുടി റിഫ്രാക്ടറീസ്
2. കേരള പ്രിമോ പൈപ്പ് ഫാക്ടറി ലിമിറ്റഡ്
3. കേരള സ്റ്റേറ്റ് കോക്കനട്ട് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ.
4. കെൽട്രോൺ പവർ ഡിവൈസസ്.
5. കേരള സ്റ്റേറ്റ് വുഡ് ഇൻഡസ്ട്രീസ് ലിമിറ്റഡ്

(ബി) മേൽപ്പറഞ്ഞ ആദ്യത്തെ 4 സ്ഥാപനങ്ങൾ പുനരുദ്ധാരണം സാദ്ധ്യമല്ലെന്നു കണ്ടതിനാൽ അവയിൽ പ്രവർത്തിക്കുന്ന തൊഴിലാളികൾക്ക് വോളണ്ടറി റിട്ടയർമെന്റ് പദ്ധതിയുടെ ആനുകൂല്യം നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്. കേരള സംസ്ഥാന വുഡ് ഇൻഡസ്ട്രീസ് ലിമിറ്റഡിനെ പുനരുജ്ജീവിപ്പിക്കാനുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്.

(സി) അഞ്ചെണ്ണം

1. എ.ബി.എൻ. ഗ്രാഫൈറ്റ്സ് ലിമിറ്റഡ്, എറണാകുളം.
2. പ്രീമിയർ കേബിൾ കമ്പനി ലിമിറ്റഡ്, എറണാകുളം.
3. പുനലൂർ പേപ്പർ മിൽ
4. അലിൻഡ് ഫാക്ടറികൾ
5. ലക്ഷ്മി സ്റ്റാർച്ച്.

(ഡി) അലിൻഡ് ഫാക്ടറികൾ സഹകരണാടിസ്ഥാനത്തിൽ തുറന്ന് പ്രവർത്തിപ്പിക്കാൻ നടപടി സ്വീകരിച്ചു വരുന്നു. പുനലൂർ പേപ്പർ മില്ലും പ്രീമിയർ കേബിൾ കമ്പനിയും പുതിയ പ്രൊമോട്ടേഴ്സ് വഴി തുറന്ന് പ്രവർത്തിപ്പിക്കാൻ നടപടി സ്വീകരിച്ചു വരുന്നു.

എ.ബി.എൻ. ഗ്രാഫൈറ്റ്സ് ഐ.ഡി.ബി.ഐ.യുടെ തീരുമാനത്തിനായി കാത്തിരിക്കുന്നു.

(ഇ) കെ.എസ്.ഐ.ഡി.സി. യുടെ പരിധിയിൽ തുറന്നു പ്രവർത്തിപ്പിച്ച വൻകിട വ്യവസായങ്ങൾ താഴെപ്പറയുന്നവയാണ്.

1. ഗുജറാത്ത് ഇൻജക്ട് കേരള ലിമിറ്റഡ്, പാലക്കാട്.
2. റ്റിറ്റെക്സ് പ്രോസസിംഗ് കോംപ്ലക്സ് ലിമിറ്റഡ്, പാലക്കാട്.

പൊതുമേഖലാ സ്ഥാപനങ്ങളായ

1. കേരള സോപ്സ് ആന്റ് ഓയിൽസ് ലിമിറ്റഡ്.

LIBRARY ARCHIVES Kerala Legislative Assembly

2. കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസിന്റെ വൈറ്റമിൻ-എ -ഡിവിഷൻ.

3. സഹകാര്യ മേഖലയിലെ മദുരാ കോട്സ് സൗത്ത് ഇൻഡ്യ വയർ റോപ്സ്.

ടി.ടി.പി.യിൽ നിന്നുള്ള മലിനീകരണം

106(1342)ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്തെ ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് പുറപ്പെടുവിക്കുന്ന മലിനീകരണപ്രശ്നങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഇതു സംബന്ധിച്ച് എന്തെങ്കിലും നിവേദനങ്ങൾ പരിസരവാസികളിൽ നിന്നും ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ;

(ഡി) വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) മലിനീകരണപ്രശ്നത്തെക്കുറിച്ച് പഠിക്കുന്നതിനും റിപ്പോർട്ട് സമർപ്പിക്കുന്നതിനും ഏതെങ്കിലും കമ്മിറ്റിയേയോ ഏജൻസിയേയോ നിയോഗിച്ചിട്ടുണ്ടോ, എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(എഫ്) ഇല്ലെങ്കിൽ ഇക്കാര്യം ഗവൺമെന്റിന്റെ പരിഗണനയിൽ ഉണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(ജി) നിയമസഭാ പരിസ്ഥിതി കമ്മിറ്റി മലിനീകരണപ്രശ്നങ്ങൾ സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശങ്ങൾ ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(എച്ച്) ടി.ടി.പി. പുറംതള്ളുന്ന മലിനജലം സംസ്ക്കരിക്കുന്നതിന് ഇപ്പോൾ എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളത്;

(ഐ) ഇവ പര്യാപ്തമല്ല എന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജെ) ഉണ്ടെങ്കിൽ മലിനജലം സംസ്ക്കരിക്കുന്നതിനുള്ള പദ്ധതികൾക്കായി വിദേശ രാഷ്ട്രങ്ങളുമായോ ഏജൻസികളുമായോ ഗവൺമെന്റ് കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ; വിശദാശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇത് പരിഹരിക്കുന്നതിനായി ഒരു ന്യൂട്രലൈസേഷൻ പ്ലാന്റ് തുടങ്ങാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. താമസിയാതെ ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കും.

(സി) ഉണ്ട്.

(ഡി)&(ഇ) ഡോ. എ.ഡി. ദാമോദരൻ ചെയർമാനായുള്ള ഒരു കമ്മിറ്റിയെ ഇതു സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി

LIBRARY ARCHIVES Kerala Legislative Assembly